അപ്പർ പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ സമഗ്രവും ക്രമബദ്ധവുമായി വളർച്ചയ്ക്കായി തയ്യാറാക്കിയ പദ്ധതി. വർഷം മുഴുവൻ പഠന പ്രവർത്തനങ്ങൾ, വിലയിരുത്തലുകൾ, ആഘോഷങ്ങൾ എന്നിവ കൃത്യമായി നടപ്പിലാക്കാൻ ഇത് സഹായിക്കും.

## ദർശനവും ദൗത്യവും

ദർശനം: അറിവ്, കഴിവ്, മൂല്യങ്ങൾ എന്നിവയുടെ സമന്വയത്തിലൂടെ ശാക്തീകരിതനായ പൗരനാകൽ.

ദൗത്യം: കുട്ടികേന്ദ്ര പഠനവീക്ഷണവും ജീവിതസാഹചര്യങ്ങളിൽ അധിഷ്ഠിതമായ പഠനമാകവാനും പഠനാന്തരീക്ഷം ഒരുക്കുക.

## വാർഷിക അധ്യയന ലക്ഷ്യങ്ങൾ

അപ്പർ പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ സമഗ്രവും ക്രമബദ്ധവുമായി വളർച്ചയ്ക്കായി തയ്യാറാക്കിയ പദ്ധതി. വർഷം മുഴുവൻ പഠന പ്രവർത്തനങ്ങൾ, വിലയിരുത്തലുകൾ, ആഘോഷങ്ങൾ എന്നിവ കൃത്യമായി നടപ്പിലാക്കാൻ ഇത് സഹായിക്കും.

പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും ആദ്യവാരത്തിൽ വിതരണം പൂർത്തിയാക്കുക.

അടിസ്ഥാനപരീക്ഷ നടത്തി നിലവാരമറിയുക.

പ്രവർത്തിനിർമ്മിത പഠനം ഉറപ്പാക്കുക.

പുരോഗതി രേഖപ്പെടുത്തുന്നതിന് മാസാന്തത്തിൽ എഴുത്തു പരീക്ഷ

# പ്രധാന അധ്യയന മേഖലകൾ

ഭാഷ: മലയാളം, ഇംഗ്ലീഷ്, ഹിന്ദി - വായന, എഴുത്ത്, സംസാരശേഷി.

ഗണിതം: പ്രശ്നപരിഹാരം, മാനസിക കണക്കുകൂട്ടൽ.

പരിസ്ഥിതി വിജ്ഞാനം: പ്രായോഗിക പഠനം, പ്രൊജക്റ്റ്.

ശാരീരിക-മാനസിക ആരോഗ്യം: യോഗ, കളി, കല, മൂല്യബോധനം.

# സഹപാഠ പ്രവർത്തനങ്ങൾ

ക്ലബ്ബുകൾ: ഭാഷ, ഗണിതം, ഇക്കോ, ആരോഗ്യം.

കലാരംഗം: ചിത്രരചന, ഗാനം, നാടകം, നൃത്തം.

ക്ലാസ് അസംബ്ലി, കഴിവ് തേടൽ പരിപാടികൾ.

# രക്ഷിതാക്കളുടെ പങ്കാളിത്തം

പി.ടി.എ. യോഗങ്ങൾ.

രക്ഷിതാക്കളുമായി താലിക രൂപം.

കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് കൂട്ടായ്മ

## സംയോജിത പഠനരീതി

വിവിധ വിഷയങ്ങൾ തമ്മിലുള്ള ബന്ധം തിരിച്ചറിയുക.

സംയോജിതമായി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

പഠനത്തിലൂടെ ജീവിച്ച അനുഭവങ്ങൾ നൽകുക.

## സംവേദന ശേഷി വർദ്ധിപ്പിക്കൽ

വായന മാസം ആചരിക്കൽ.

ശബ്ദാത്മക വായനാ പരിശീലനം.

കൃത്യമായ ഭാഷാ ഉപയോഗം ഉൾക്കൊള്ളുന്ന ക്ലാസ് പ്രവർത്തനങ്ങൾ.

## സാമൂഹിക പ്രതിബദ്ധത

ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ.

സ്കൂൾ മുറ്റം ശുചിയാക്കൽ, പ്ലാസ്റ്റിക് വിരുദ്ധ ക്യാംപെയിൻ.

നാട്ടുകാർക്കും രക്ഷിതാക്കൾക്കും പങ്കാളിത്തം.

# മേൽനോട്ടവും അവലോകനവും (Monitoring & Supervision)

വാർഷിക അക്കാദമിക് പ്ലാൻ പ്രകാരം പ്രവർത്തനങ്ങൾ നടക്കുന്നതായി ഉറപ്പാക്കുക.

മാസാവസാനം അധ്യാപക അവലോകനം *(Monthly Teacher Review Meeting)*.

ഹെഡ്മിസ്ട്രസിന്റെ ക്ലാസ് സന്ദർശനം - ഓരോ മാസവും ഓരോ ക്ലാസ്സിൽ.

പഠന നേട്ടങ്ങളുടെ രേഖകൾ പരിശോധിക്കുക: ചിന്താപത്രം, പ്രവൃത്തിപത്രം, തത്സമയം നിർവഹണ ഫയൽ.

വാർഷിക മോഡറേഷൻ, കൺസോളിഡേറ്റഡ് മാർക്ക് റജിസ്റ്റർ സംരക്ഷണം.

റിമീഡിയൽ ക്ലാസ്സുകൾ ആവശ്യമായ കുട്ടികൾക്ക് സൗകര്യപ്രദമാക്കുക.

പടിയിറങ്ങുന്ന കുട്ടികളെ തിരിച്ചറിയൽ - പ്രത്യേക ശ്രദ്ധ.

അധ്യാപകർക്ക് പരിശീലനം - നവീന പാഠശാല മാർഗനിർദേശങ്ങൾ അനുസരിച്ച്.

സംഭാഷണ നിരീക്ഷണം: ക്ലാസ് അസംബ്ലിയിലും സഹപാഠ പ്രവർത്തനങ്ങളിലും.

പഠനപരിശീലന ദിനങ്ങൾ: അധ്യാപകർക്ക് മാസത്തിൽ ഒരിക്കൽ ഷെയർ *&* ലേൺ സെഷനുകൾ.

*PTA/SMC* അവലോകനം - ത്രൈമാസത്തിൽ ഒരിക്കൽ രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ ശേഖരിക്കൽ.

# ***UP*** **മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ***5 , 6*** ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ | മികവ് അക്ഷരമാലയിലേക്ക് ഒരു യാത്ര എന്ന പരിപാടിയിലൂടെ കുട്ടികളുടെ അക്ഷരം ഉറപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ | മലയാളം അധ്യാപിക | ആവശ്യമില്ല |
| മലയാളം ഭാഷയിലുള്ള വായന | ദിനപത്രങ്ങളുടെ വായന ഉറപ്പാക്കുന്നു. പാഠപുസ്തകം കൃത്യമായ വായിപ്പിക്കുന്നു. കഥപുസ്തകങ്ങൾ വായിപ്പിക്കുന്നു | വർഷം മുഴുവൻ | മലയാളം അധ്യാപിക | ആവശ്യമില്ല |
| മലയാളം ഭാഷയുടെ എഴുതൽ | കവിത കഥ ഉപന്യാസരചന നടത്തുന്നു | വർഷം മുഴുവൻ | മലയാളം അധ്യാപിക | ആവശ്യമില്ല |

# UP English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Enhance basic conversational English, speaking, reading, writing skills. | Daily English conversation practice (greeting, self-introduction). | June to March | English teacher | Nil |
| To write and read simple sentences. | Story writing, reading books, story books. | June to March | English teacher | Nil |
| To improve & enhance English speaking skill. | English speaking in school,English assembly, Newspaper reading. | June to March | English teacher | Nil |
| Enhance vocabulary and spelling in English. | Dictation, vocabulary building games. | June to March | English teacher | Nil |

# *UP* ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരബോധം ഉറപ്പിക്കൽ :- ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് കാണിക്കൽ | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | ആവശ്യമില്ല |

# UP ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| ഹിന്ദി വായന :- തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | ആവശ്യമില്ല |
| ഹിന്ദി സംസാരം:- ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത്, ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.. വായനമത്സരം:-തെറ്റില്ലാതെ കൂടുതൽ വരികൾ വായിക്കണം വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു | വർഷം മുഴുവൻ | ഹിന്ദി അധ്യാപിക | ആവശ്യമില്ല |

# *UP* ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ വിദ്യാർത്ഥികൾക്ക് ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല | ജൂൺ | ഗണിത അധ്യാപകൻ | ആവശ്യമില്ല |
| | ഒറിഗാമി ശില്പശാല | ജൂലൈ | വിദഗ്ധനായ അധ്യാപകൻ | *PTA* ഫണ്ട് |
| | ഗണിത പാർക്ക് | *6* മാസം | *PTA* അധ്യാപകൻ | *PTA* ഫണ്ട് |
| ഗണിത പഠനം സുഗമവും രസകരവും ആക്കുന്നതിനായി ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ഗണിത ക്ലിനിക് | വർഷം മുഴുവൻ | ഗണിത അധ്യാപകൻ | ആവശ്യമില്ല |
| | ഐടി സാധ്യതകൾ | വർഷം മുഴുവൻ | ഗണിത അധ്യാപിക, *IT* അധ്യാപിക | ആവശ്യമില്ല |

# *UP* അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളുടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു സയൻസ് ലാബ് നവീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപിക | ആവശ്യമില്ല |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തി ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം/ കണ്ടൽക്കാട് നിരീക്ഷണം. | ജൂലൈ *to* ഡിസംബർ | സയൻസ് ക്ലബ് | ആവശ്യമില്ല |

# UP സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്ഥലങ്ങളെയും സ്ഥാനങ്ങളെയും കുറിച്ച് വ്യക്തത വളർത്തൽ | ന്യൂസ് പേപ്പർ വായിച്ച് അതുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഇന്ത്യയുടെ ഔട്ട്ലൈൻ മാപ്പിൽ രേഖപ്പെടുത്തുക | വർഷം മുഴുവൻ | അധ്യാപിക | ആവശ്യമില്ല |
| ഓരോ പ്രദേശത്തെയും കുറിച്ചുള്ള പ്രത്യേകതകൾ ശരിയായ രീതിയിൽ ബോധ്യപ്പെടുത്തുന്നതിന് | പുരാവസ്തുക്കളുടെ ശേഖരണവും, സോഷ്യൽ സയൻസ് ലാബ് നവീകരണവും | വർഷം മുഴുവൻ | അധ്യാപിക | ആവശ്യമില്ല |
| | സ്ഥലകാല വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുക | വർഷം മുഴുവൻ | അധ്യാപിക | ആവശ്യമില്ല |